(സി) നിലവിൽ തിരിച്ചറിയൽ കാർഡ് കിട്ടിയ തൊഴിലാളികളെ ഒഴിവാക്കി അനധികൃത തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ പ്രവണത ഇല്ലാതാക്കാൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2002-ലെ "കേരള ലോഡിംഗ് ആന്റ് അൺലോഡിംഗ് (റെഗുലേഷൻ ഓഫ് വേജസ് ആന്റ് റെസ്ട്രിക്ഷൻ ഓഫ് അൺലാഫുൾ പ്രാക്ടീസസ്)" എന്ന പുതിയ നിയമം 5-11-2002 മുതൽ സംസ്ഥാനം മുഴുവൻ പ്രാബല്യം നൽകി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിയമത്തിലെ വകുപ്പ് 3-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഗാർഹികവും ഗാർഹികേതരവുമായി ബന്ധപ്പെട്ട കയറ്റിറക്ക് ജോലികൾക്ക് ഈ നിയമം ബാധകമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കർഷകത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കാൻ നടപടി

11 [2661] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കർഷകത്തൊഴിലാളി പെൻഷനിൽ എത്ര രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്;

(ബി) കർഷകത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കാൻ ഈ സർക്കാർ ആലോചിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ കർഷകത്തൊഴിലാളി പെൻഷൻ 100 രൂപയായിരുന്നു. 1-4-2000 മുതൽ ടി പെൻഷൻ തുക 120 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

കാർഷിക അനുബന്ധ മേഖലയിലെ കുറഞ്ഞ കൂലി

12 [2662] ശ്രീ. ബിനോയ് വിശ്വം:
" പി. എസ്. സുപാൽ:
" എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലും അനുബന്ധമായിട്ടുള്ളതിലും ഏതെല്ലാം വിഭാഗങ്ങളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വിഭാഗങ്ങളുടെ നിലവിലുള്ള കൂലിയും പുതുക്കി നിശ്ചയിച്ച കൂലിയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ മേഖലയിൽ ഇനി ഏതെല്ലാം വിഭാഗങ്ങളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുവാനുണ്ടെന്നും, അവ എപ്പോൾ പുതുക്കി നിശ്ചയിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷിക പ്രവർത്തന മേഖലയിലേയും, അതിനോടനുബന്ധിച്ചുള്ള തെങ്ങുകയറ്റം, കമുക് കയറ്റം, ഡെയറി ഫാമുകൾ, നഴ്സറികൾ, കശുമാവ് തോട്ടങ്ങൾ തുടങ്ങിയ മേഖലകളിലേയും തൊഴിലാളികളുടെ മിനിമം വേതനം 26-5-2003-ലെ 1335/03/തൊഴിൽ. നമ്പർ വിജ്ഞാപനപ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) കാർഷിക പ്രവർത്തന മേഖലയിലേയും അനുബന്ധ മേഖലകളിലേയും നിലവിലുള്ള എല്ലാ വിഭാഗങ്ങളുടേയും മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

ഷോപ്പുകളിലും മറ്റും ജോലിചെയ്യുന്നവരുടെ മിനിമംകൂലി

13 [2663] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഷോപ്പുകളിലും മറ്റും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണമെത്രയാണ്;

(ബി) ഈ തൊഴിലാളികളുടെ മിനിമംകൂലി എത്രയാണ്;

(സി) ഈ തൊഴിലാളികളുടെ മിനിമംകൂലി പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കടകളിലും വ്യാപാര സ്ഥാപനങ്ങളിലും മറ്റും ജോലി ചെയ്യുന്ന മൂന്നര ലക്ഷത്തോളം തൊഴിലാളികളുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(ബി) 4-8-1997-ലെ സർക്കാർ ഉത്തരവ് നമ്പർ 2267/97/തൊഴിൽ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമംകൂലി നിശ്ചയിച്ചിട്ടുണ്ട്. ആയതിൻപ്രകാരം ഓരോ വിഭാഗം തൊഴിലാളികൾക്കും അവർക്ക് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന ശമ്പളത്തിന് പുറമെ ഉപഭോക്തൃ വില സൂചികയുടെ 400 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും ദിവസ ശമ്പളക്കാർക്ക് ആറര പൈസയും മാസശമ്പളക്കാർക്ക്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly